# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.489

23.03.2018-ൽ മറുപടിയ്ക്ക്

**<u>കേരള പൂരക്കളി അക്കാദമി</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.എം.നൗഷാദ്<br>ശ്രീ.വി.അബ്ദു റഹിമാൻ<br>ശ്രീ.കെ.ജെ.മാക്സി<br>ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) പാരമ്പര്യ കലാരൂപങ്ങൾ വീണ്ടെടുക്കുന്നതിനും ജനകീയമാക്കുന്നതിനും സാംസ്കാരിക വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ണൂരിലെ പയ്യന്നൂർ കേന്ദ്രമായി ആരംഭിച്ച കേരള പൂരക്കളി അക്കാദമിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) പാരമ്പര്യ കലാരൂപങ്ങൾ വീണ്ടെടുക്കുന്നതിനും ജനകീയമാക്കുന്നതിനും സാംസ്കാരിക വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായാണ് കണ്ണൂരിലെ പയ്യന്നൂർ ആസ്ഥാനമായി പൂരക്കളി അക്കാദമി രൂപീകരിച്ചത്. സ.ഉ(സാധാ)നം.449/2016/സാം.കാ.വ തീയതി 26/12/2016 നമ്പർ സർക്കാർ ഉത്തരവു പ്രകാരം പുതിയ ഭരണ സമിതി രൂപീകരിച്ചിട്ടുണ്ട്. പൂരക്കളി അക്കാദമിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സർക്കാർ ഇതിനകം ആകെ 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അക്കാദമിയുടെ പ്രവർത്തനം പൂർണ്ണ സജ്ജമാക്കുന്ന പ്രവർത്തനങ്ങൾക്കാണ് സർക്കാർ ഊന്നൽ നൽകുന്നത്. |
| (ബി) അക്കാദമിയ്ക്ക് സ്ഥിരമായി ഒരു ആസ്ഥാനം കണ്ടെത്തുന്നതിനുള്ള നടപടി ഏത് ഘട്ടംവരെയായെന്ന് അറിയിക്കുമോ; | (ബി) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ പെരുമ്പയിലാണ് ഇതിന്റെ ആസ്ഥാനം പ്രവർത്തിക്കുന്നത്. സ്ഥിരമായി ഒരു ആസ്ഥാന മന്ദിരവും അനുബന്ധ സൗകര്യങ്ങളും ഉണ്ടാക്കുന്നതിന് ആവശ്യമായ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അക്കാദമിയുടെ മേൽനോട്ടത്തിൽ നടത്തപ്പെട്ട പൂരക്കളി മഹോത്സവത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | പൂരക്കളി അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഈ സാമ്പത്തിക വർഷം 31 കേന്ദ്രങ്ങളിൽ പൂരക്കളി മഹോത്സവം സംഘടിപ്പിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 12 സെമിനാറുകൾ, 31 മറുത്തുകളി, 85 പൂരക്കളി പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. സംസ്കൃത പണ്ഡിതന്മാരായ 62 പൂരക്കളി പണിക്കന്മാർ മറുത്തുകളിയുടെ ഭാഗമായി പുരാണേതിഹാസ കഥകളുടെയും സംസ്കൃത ഭാഷാധിഷ്ഠിതമായ തർക്ക വ്യാകരാണാദി ശാസ്ത്ര ചർച്ചകളും ഇതിന്റെ ഭാഗമായി നടത്തുകയുണ്ടായി. 85 പൂരക്കളി സംഘങ്ങളിലായി 2450 പൂരക്കളി കലാകാരന്മാരെ പൂരക്കളി അവതരിപ്പിക്കുന്നതിന് അണിനിരത്താൻ കഴിഞ്ഞു. പതിനായിരക്കണക്കിനാളുകൾക്ക് ഈ കലയുടെ വിവിധ വശങ്ങൾ പരിചയപ്പെടുത്താനും പ്രോത്സാഹനം നൽകാനും കഴിഞ്ഞു. കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം അണിക്കരയിൽ 'ഗുരുസാഗരം' എന്ന പേരിലാണ് പരിപാടി നടത്തിയത്. ശ്രീനാരായണഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠയുടെ 130-ാം വാർഷികം പ്രമാണിച്ചാണ് ഈ പരിപാടി നടത്തിയത്. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ രംഗത്തെ പ്രമുഖർ ടി പരിപാടിയിൽ പങ്കെടുത്തു. |
| (ഡി) | അക്കാദമിയുടെ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ? | (ഡി) | അക്കാദമിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇതിനകം പരിപാടികൾ നടത്തിയിട്ടുണ്ട്. എറണാകുളം തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ പൂരക്കളി മഹോത്സവത്തിന്റെ ഭാഗമായി പരിപാടി സംഘടിപ്പിച്ചു.<br>സംഗീത നാടക അക്കാദമി, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എന്നിവിടങ്ങളിൽ രജിസ്റ്റർ ചെയ്ത ഗ്രന്ഥശാലകൾ വഴി പൂരക്കളി പരിശീലനത്തിന് പ്രോത്സാഹനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ